
marggam
Digital Library of Christianity in India
www.marggam.com

RESOURCES FOR RESEARCHERS


CHRISTIAN MUSICOLOGICAL SOCIETY OF INDIA
www.TheCMSIndia.org

# Metrapolithamarude Kaivaippu Shusrushakramam (Chaldean Syriac Church)
# മെത്രാപ്പോലീത്താമാരുടെ കൈവെപ്പു ശുശ്രൂഷക്രമം




| | |
|---|---|
| Call Number | RR-1376/WM |
| Title | Metrapolithamarude Kaivaippu Shusrushakramam (Chaldean Syriac Church) മെത്രാപ്പോലീത്താമാരുടെ കൈവെപ്പു ശുശ്രൂഷക്രമം |
| Topic | മെത്രാപ്പോലീത്താമാരുടെ കൈവെപ്പു ശുശ്രൂഷക്രമം |
| Author | Unknown. |
| Publisher/Year | 2023 |
| Printed at | Mar Narsai Press Trissur |
| Total Pages | 47 |
| Language | Malayalam& Syriac Transliteration in Malayalam |
| Copyright | Author/Publisher |
| Contributor | Ann Lia Wilson |
| Key Words | #Methrapolithamarudekaivaippushushrooshakramam #ChaldeanSyriacChurch #MarNarsaipressTrissur #Trichur #Trishur |

Disclaimer: Copyright to the Author/Publisher. This Extract of the book is Read Only and cannot be downloaded, copied, printed or published without the prior permission of the Author / Publisher. For more details contact us: info@thecmsindia.org




www.TheCMSIndia.org

www.marggam.com

MARGGAM – Digital Library of Christianity in India

# വിശുദ്ധ കുർബ്ബാനക്ക് മുൻപ് നടത്തുന്ന പ്രദക്ഷിണത്തിന് പാടുന്ന ഗീതം

## സുറിയാനിയിൽ നിന്നുള്ള ലിപ്യന്തരണം

### ഗീതം - 1

ഖദ്ദീശു വദ്ഹീൽ ശ്മെ
ആവൂൻ ദ്‌വശ്മയ്യ / നി--ദ്ഖദ്ദശ്ശ്മാഹ് /
തേതി മൽക്കൂദാഹ് / നിഹ്‌വി സിവ്‌യാനാഹ്

ഉഹൂയു മർയാ ആലാഹൻ
ഹദ്ദൂ മർയാ / ഹ്ദാ ഹൈമാനൂദാ/
ഹ്ദാ മാമോദീദാ / ൽശൂവ്ഖാനാ ദ്ഹാവ്ബെ

മൽകാ ദ്റബ് അൽ കുൽഹോൻ ആലാഹെ
മൽക്യൻ അമ്മൻ / വാലാഹൻ അമ്മൻ /
വമദ്റാനൻ / ആലാഹെ ദ്‌യാഖോവ്

മൽകെ ദർഅ ഉഹൂൽഹേൻ ഇമ്‌വാദാ
തൂവാ യാഹ്‌വാൻ ലാ / ശർവാദാ കുൻഹേൽ /
ലവ്ദുൽതാ മർയം / ഇമ്മേ ദംശീഹാ

തൂവയ്ക് ഉതാവ്ദാ ൽനവ്ശാഹ്
തൂവ്‌യ്ക് യോഹന്നാൻ / വൽആൽമീൻ തൂവയ്ക് /
മാ ദാതെ മാറാഹ് / ദ്ലേ ർഹിംത്ത് ആപ് ശ്മ്മിശ്ത്ത്

നിദശ്നൂൻ സദ്ദിഖെ ബീഖാറാ
കാറോസെ ദ്റൂഹാ / വമ്മൂദെ ദ്നുഹ്റാ/
പത്രോസുപൗലോസ് / ഹ്വാവ് ബാ ബൗറീദാ

MAR NARSAI PRESS THRISSUR 680001 9495604331 Mar Timotheus High Road



www.TheCMSIndia.org

www.marggam.com

MARGGAM – Digital Library of Christianity in India

**ബ്ഹുല്ലാ അർആ ബിപ്ഖദ് സ്ഥർദ്ഹോൻ**

മത്തയുമർഖോസ് / ഉല്ലൂഖാവ് യോഹന്നാൻ /
സ്ലോ--ദ്ഹോൻ തിഹ്വി / ശൂറാൽനവ്നാതൻ

**വാപ് ഇന്നാ ബുഹ്റാ ഇബ്ദീവ്**

ബ്രീഹു മാവ്തെ / ദ്വു- - ഹ്റാ ദ്സാഹ്ദെ /
ഇ--സ്തപാനോസ് / റഹ്മെ ദംശീഹാ

**നിദ്ഖയ്യം ലാലം ഖ്ദാം ആലാഹ**

ദുഹ്റാൻ മൽപാനെ / നീബിദ് ബഹ്പീതൂ /
ദർഹിം ലംശീഹാ / വൻതർ പുഖ്ദാനാവ്

**അഹ് ദ് പഖിദ് ലാവാഹയ്ൻ**

നാഹിദ് നിസ്ഹാനെ / ദാവഹയ്ൻ ദ്റൂഹാ /
ദാമൽ അൽഅപ്പയ്ൻ / ബ്ഹുബ്ബേ ദംശീഹാ

**ദുഹ്റാനാഹ് ൽദർദാറീൻ**

ദുഹ്റാനാഹ് ആവൂൻ / അൽ മദ്ബഹ് ഖുദ്ശാ /
അം കേനെ ദൻസഹ് / ഉസഹ്ദെ ദിദ്കല്ലൽ

**സോർവേ അം റോർവേ**

ഹാശ്കിവ് അൽ സവ്റാ / കുൽഹോൻ അന്നീദെ /
ദ്വഖ്യംത്താ ശ്വീഹ്ത്ത / ബ്ശൂവ്ഹാത്ഖിം ഇന്നോൻ

**അശ്ശോദ് ഖ്ദാമാവ് ലിബ്ഹോൻ**

ബ്സാവ്മാ ഉവസ്ലോദാ / ഉവാദ്വാദാ ദ്നവ്ശാ /
ൻറായെ ലംശീഹാ / ഉലവൂയ് വൽറൂഹെ



www.TheCMSIndia.org

www.marggam.com

MARGGAM – Digital Library of Christianity in India

അറീം തർഏ റേശയ്ക്കോൻ.

അറീം തർഏ റേശയ്ക്കോൻ / ക്ദാം സ്ലീവേഹ് ദ്മൽക്യാ മ്ശീഹാ / ദ്നിയോൽ അമ്മേഹ് ആപ് കിൻശൻ / ഉനിസ്ഗോദ് ലേഹ് ലവ്റാ ദ്പർക്കൻ / വവ്ഹാവ് ഹയ്ക്ലാ കദ്ദീശാ / ൻറംറിം ബ്താവ്ദീത്താ ഉനേമർ / ദ്റബ്ബ്യൂ സ്ലീവാഹ് കദ്ദീശാ / ഉറാം വംലയ് ശുൽത്താനേഹ്.

ശൂവ്ഹാ...

ബൽമേനേഹ് ദംശീഹാ ക്യുല്ലൻ ഇത്ഗാവസ്നൻ / ശയ്നാ വശ്ലാമാ നഗ്ഗീറാ ബ്റൂഹാ ദ്കുദ്ശാ അശ്കഹ്നൻ.

മിൻ ആലം...

ശ്ഥീഹ് മിൻ ക്യുൽ ഉറാം മിൻ ക്യുൽ വംഅലയ് ൽഇൽ മിൻ ക്യുല്ലാ / നത്തർ ഏത്താ ബഹ്നാനാഹ് വൽയൽ ദേഹ് പ്റോഖ് ബസ്സ്ലീവാഹ്.

❖ ❖ ❖ ❖



www.TheCMSIndia.org

www.marggam.com

MARGGAM – Digital Library of Christianity in India

സിയും ശ്രേഷ്ഠമായ ഏകസ്വഭാവം ഉള്ളവനുമായ ആദ്യ ജാതനായ പുത്രനും പരിശുദ്ധാത്മാവുമായുള്ളോവേ നിനക്ക് മഹത്വം.

● പിതാവിനും പുത്രനും പരിശുദ്ധാത്മാവിനും സ്തുതി

അഹരോൻഗൃഹത്തിന്റെ പൗരോഹിത്യം പ്രതീകങ്ങൾക്കും മാതൃകകൾക്കും നിയമത്താൽ ഉളവായ നിഴലുകൾക്കും ശുശ്രൂഷ ചെയ്തു. ശീമോൻഗൃഹത്തിന്റെ ശിഷ്യത്വം സഭാഗാത്രവും പരിപൂർണ്ണതയും സ്വീകരിച്ചു. മനുഷ്യാവതാരത്തിന്റെ ബലത്തിൽ തന്റെ ഇച്ഛാനുസാരം പിതാവിന്റെ അവകാശി ഭൂമിയെ നേടുകയും മുക്കുവരിലൂടെ അവൻ സകല സൃഷ്ടിയെയും തന്റെ വലയത്തിലാക്കുകയും ചെയ്തു. ആ ശിഷ്യത്വം ഇതാ നിനക്ക് സ്തുതി ഉയർത്തുകയും പിതാവിന്റെയും പുത്രന്റെയും പരിശുദ്ധാത്മാവിന്റെയും പ്രകൃതങ്ങളുടെ പരിപൂർണ്ണതയിൽ സ്നാനപ്പെടുത്തുകയും ചെയ്യുന്നു. നിനക്ക് സ്തുതി.

അർക്കിദ്യാക്കോൻ : സമാധാനം നമ്മോടുകൂടെ.

അപ്പിസ്ക്കോപ്പമാരുടെ കൈവെപ്പ് ശുശ്രൂഷയിൽ രേഖപ്പെടുത്തിയിരിക്കുന്ന പ്രകാരം മെത്രാപോലീത്തയും അപ്പിസ്കോപ്പമാരും മാറി മാറി ഓരോ പ്രാർത്ഥനയും ഓരോ കാനോനയും ചെല്ലുന്നു.

അർക്കിദ്യാക്കോൻ: സമാധാനം നമ്മോടുകൂടെ.

പ്രാർത്ഥന :

സീനായി പർവ്വതത്തിൽ മോശയുടെ മേൽ ഇറങ്ങി ആവസിച്ച നിഴലുകളായ നിയമത്തെ ഇസ്രായേല്യർക്ക് നൽകിയ ദൈവികശക്തിയും, അഹരോനും അവന്റെ പുത്രന്മാർക്കും താൽക്കാലിക പൗരോഹിത്യം നിയോഗിച്ചേൽപ്പിച്ചതും മാളിക മുകളിൽ അഗ്നിനാവുകളെപോലെ ശ്ലീഹന്മാരുടെ മേൽ ഇറങ്ങി സർവ്വജനത്തിനും വേണ്ടി പരിശുദ്ധ നാമത്തിന്റെ പൗരോഹിത്യത്തിനായി അവരെ തിരഞ്ഞെടുക്കുകയും ചെയ്ത ആത്മാവും നീ തിരഞ്ഞെടുത്ത ഈ ദാസന്റെ മേൽ ഇറങ്ങി വസിക്കട്ടെ. സഭാപരമായ രഹസ്യങ്ങളുടെ



www.TheCMSIndia.org

www.marggam.com

MARGGAM – Digital Library of Christianity in India

ചതിയന്മാരുടെ തന്ത്രങ്ങളിൽ നിന്ന് അവയെ കാക്കുകയും ചെയ്യട്ടെ. നിന്റെ കുഞ്ഞാടുകൾക്ക് ഇവൻ സ്വാതന്ത്ര്യം നൽകട്ടെ. നിന്റെ ആടുകൾക്ക് അഭയം നൽകുകയും ഭീരുക്കളെ ശക്തിപ്പെടുത്തി ധൈര്യശാലികൾ ആക്കുകയും ചെയ്യട്ടെ. ആവശ്യക്കാരെ പഠിപ്പിച്ച് പ്രയോജനമുള്ളവരാക്കട്ടെ. സർവ്വരെയും വഴി നടത്തുന്ന നിനക്ക് സ്തുതി എന്ന് പറഞ്ഞ് ഞങ്ങൾ ശബ്ദമുയർത്തേണ്ടതിനു തന്നെ.

(സങ്കീർത്തനത്തിലെ രാജാവിനെ എന്നതിനുപകരം പുരോഹിതനെ എന്നും രാജപുത്രനെ എന്നതിനു പകരം പുരോഹിതപുത്രനെ എന്നും ചൊല്ലുന്നു)

* ദൈവമേ, രാജാവിന് (പുരോഹിതന്) നിന്റെ ന്യായവും രാജകുമാരന് (പുരോഹിതപുത്രന്) നിന്റെ നീതിയും നൽകേണമേ.
* അവൻ നിന്റെ ജനത്തെ നീതിയോടും നിന്റെ എളിയവരെ ന്യായത്തോടും കൂടെ പരിപാലിക്കട്ടെ.
* നീതിയാൽ പർവ്വതങ്ങളിലും കുന്നുകളിലും ജനത്തിന്ന് സമാധാനം വിളയട്ടെ.
* ജനത്തിൽ എളിയവർക്ക് അവൻ ന്യായം പാലിച്ചുകൊടുക്കട്ടെ, ദരിദ്രജനത്തെ അവൻ രക്ഷിക്കയും പീഡിപ്പിക്കുന്നവനെ തകർത്തുകളകയും ചെയ്യട്ടെ.
* സൂര്യചന്ദ്രന്മാരുള്ള കാലത്തോളവും അവർ തലമുറതലമുറയായി നിന്നെ ഭയപ്പെടട്ടെ.
* അരിഞ്ഞ പുൽപ്പുറത്ത് പെയ്യുന്ന മഴപോലെയും ഭൂമിയെ നനെക്കുന്ന വന്മഴപോലെയും അവൻ ഇറങ്ങിവരട്ടെ.
* അവന്റെ കാലത്തു നീതിമാന്മാർ തഴെക്കട്ടെ; ചന്ദ്രനുള്ളേടത്തോളം സമാധാനസമൃദ്ധി ഉണ്ടാകട്ടെ.
* അവൻ സമുദ്രം മുതൽ സമുദ്രം വരെയും നദി മുതൽ ഭൂമിയുടെ അറ്റങ്ങൾവരെയും ഭരിക്കട്ടെ.



www.TheCMSIndia.org

www.marggam.com

MARGGAM – Digital Library of Christianity in India

മഹാപുരോഹിതൻ തന്റെ വലതുകൈ പട്ടാഭിഷേകമേൽക്കുന്നവന്റെ ശിരസ്സിന്മേൽ വെച്ചുകൊണ്ടും ഇടതുകൈ പ്രാർത്ഥനക്കു വിരിച്ചുകൊണ്ടും ചൊല്ലുന്നു.

പ്രാർത്ഥന: (ആലാഹൻ താവ) നല്ലവനായ ഞങ്ങളുടെ ദൈവവും കരുണനിറഞ്ഞ ഞങ്ങളുടെ രാജാവുമായവനെ (ആവർത്തിക്കുക) ദയയിൽ സമ്പന്നനും ആർദ്രതനിറഞ്ഞവനുമായ കർത്താവേ, അവർണ്ണനീയമായ നിന്റെ കൃപയാൽ ദിവ്യദാനങ്ങളുടെ മധ്യസ്ഥനായി നിന്റെ സഭയിൽ എന്നെ നിയമിച്ചിരിക്കുന്നുവല്ലോ. എന്റെ കർത്താവേ, ശ്ലീഹന്മാരിൽ നിന്ന് തലമുറതലമുറയായി കൈമാറി ഞങ്ങൾക്ക് നൽകപ്പെട്ട തിരുസഭയ്ക്കടുത്ത കൈവെപ്പുശുശ്രൂഷയാൽ വിശുദ്ധ രഹസ്യങ്ങളുടെ ശുശ്രൂഷക്കാർക്ക് ആത്മീയ ശുശ്രൂഷകളുടെ താലന്തുകളെ നിന്റെ നാമത്തിൽ ഞാൻ നൽകുന്നു. നിന്റെ പരിശുദ്ധ സഭയിൽ (ഇന്ന രാജ്യത്തിനുവേണ്ടി) ഭാരതത്തിനും ദക്ഷിണ ഗൾഫ് ദേശങ്ങളിൽ തിരഞ്ഞെടുക്കപ്പെട്ടവയ്ക്കും വേണ്ടി മെത്രാപ്പോലീത്തയാകുവാൻ നിന്റെ മുമ്പാകെ ഈ ദാസനെ ഇതാ ഞങ്ങൾ സമർപ്പിക്കുന്നു. ഞങ്ങളെല്ലാവരും ഇവന് വേണ്ടി പ്രാർത്ഥിക്കുന്നു. (ആവർത്തിക്കുക) : നിന്റെ ഏകജാതന്റെ കൃപയാലും കരുണകളാലും ഇവന്റെമേൽ പരിശുദ്ധാത്മാവിന്റെ കൃപ വരുന്നതിനും സഭക്കുവേണ്ടി അർപ്പിക്കപ്പെടുന്ന ഈ ശുശ്രൂഷയുടെ നടപടി ഉത്കൃഷ്ടമാകുന്നതിനും പൂർത്തീകരിക്കുന്നതിനും തന്നെ. നിനക്കും അവന്നും പരിശുദ്ധാത്മാവിനും ഞങ്ങൾ സ്തുതിയും ബഹുമാനവും പുകഴ്ചയും ആരാധനയും അർപ്പിക്കുന്നു. എന്നന്നേക്കും സർവ്വനാഥനായ....

സ്ഥാനാർത്ഥിയുടെ ശിരസ്സിന്മേൽ റുശ്മ വരക്കുന്നു.

മറുപടി : ആമേൻ

അർക്കിദ്യാക്കോൻ : (ഇന്ന) രാജ്യത്തിലെ സഭയ്ക്കായി മെത്രാപ്പോലീത്തയായി ക്രമീകരിക്കപ്പെടുകയും കൈവെപ്പ്



www.TheCMSIndia.org

www.marggam.com

MARGGAM – Digital Library of Christianity in India

ശ്രേഷ്ഠമായ നിന്റെ കൽപ്പനപ്രകാരം ശമ്മാശന്മാരെയും കശ്ശീശന്മാരെയും അപ്പിസ്കോപ്പമാരെയും ഇവൻ സൗജ ന്യമായി നിയമിക്കട്ടെ. ഇവന്റെ താലന്തുകൾ സമൃദ്ധ മായി ഇരട്ടിക്കട്ടെ. അവസാനത്തിൽ "അല്ലയോ നല്ലവനും വിശ്വസ്തനുമായ ദാസനെ, നീ അല്പത്തിൽ വിശ്വസ്ത നായി. ഇതാ നിന്റെ കൈകളിൽ അധികത്തെ ഭരമേല്പി ക്കുന്നു." എന്ന സകല സ്വരങ്ങളിലും ഉദാത്തമായ ആഹ്ലാ ദസ്വരം കേൾക്കാൻ ഇവൻ യോഗ്യനായിത്തീരട്ടെ. സർവ്വ നാഥനായ....

**സങ്കീർത്തനം : 80:17-19**

**കാനോനാവാക്യം:** മഹാപുരോഹിതന്മാരെയും ഭക്തരെയും അഭിഷേകം ചെയ്യുന്ന രാജാധിരാജനായ മ്ശീഹ കർത്താവേ, അത്യുന്നതന്റെ പുത്രാ, നിന്റെ ദാസനെ വിശുദ്ധീകരിക്കുന്ന അഭിഷേകതൈലത്താൽ അഭിഷേകം ചെയ്യേണമേ. ജീവൻ നൽകുന്ന ഇടയനെ, തെളിമയുള്ള ബോധത്തോടും ശുദ്ധഹൃദയത്തോടും നിന്റെ ആട്ടിൻ കൂട്ടത്തെ മേയ്ക്കുവാൻ, ഇടയനടുത്ത അംശവടി ഇവനെ ഏൽപ്പിക്കേണമേ. അന്ത്യമില്ലാത്തവനേ നിനക്ക്, സ്തുതിയും പുകഴ്ചയും യോഗ്യമാകുന്നു.

* നിന്റെ കൈ നിന്റെ വലത്തുഭാഗത്തെ പുരുഷന്റെ മേൽ നീ നിനക്കായി വളർത്തിയ മനുഷ്യപുത്രന്റെ മേൽതന്നേ ഇരിക്കട്ടെ.
* എന്നാൽ ഞങ്ങൾ നിന്നെ വിട്ടുപിന്മാറുകയില്ല; ഞങ്ങളെ ജീവിപ്പിക്കേണമേ, എന്നാൽ ഞങ്ങൾ നിന്റെ നാമത്തെ വിളിച്ചപേക്ഷിക്കും.
* സൈന്യങ്ങളുടെ ദൈവമായ യഹോവേ, ഞങ്ങളെ യഥാസ്ഥാനപ്പെടുത്തേണമേ; ഞങ്ങൾ രക്ഷപ്പെടേണ്ട തിനു തിരുമുഖം പ്രകാശിപ്പിക്കേണമേ.



www.TheCMSIndia.org

www.marggam.com

MARGGAM – Digital Library of Christianity in India

പ്രാർത്ഥന

ഞങ്ങളുടെ കർത്താവും ദൈവവുമായുള്ളോവേ... പേജ് : 20

സങ്കീർത്തനം : 132 9-18

കാനോനാവാക്യം :

ഈ സമയത്ത് ഉയർത്തപ്പെടുന്ന മാർ ഔഗിൻ എന്ന നിന്റെ ഈ ദാസനെ ജീവിപ്പിക്കുന്ന ആത്മാവിന്റെ ശക്തിയാൽ ഒരു മെത്രാപോലീത്തയാക്കേണമേ. കർത്താവേ ദുഷ്ടനെയും സാത്താനെയും മനുഷ്യപ്രകൃതിയുടെ സുഖഭോഗങ്ങളെയും കീഴടക്കുവൻ തക്ക രക്ഷാകവചവും ആയുധവും ഉഗ്രശക്തിയും നീ ഇവനെ ധരിപ്പിക്കേണമേ. അതീവ ജാഗ്രതയോടെ എതിർപ്പുകൾ ഇല്ലാതെ അവന്റെ മേച്ചിൽ പുറത്തെ ആടുകളെ ഇവൻ മേയ്ക്കട്ടെ. ആർദ്രതനിറഞ്ഞ നിന്റെ കൃപയാൽ ഇവന്റെ തലമേൽ ദാനം പകരേണമേ. ഇവന്റെ ഇടയത്വം സത്യസന്ധമായിത്തീരുവാൻ തക്ക ശക്തിയും സഹായവും ഇവനെ അനുഗമിക്കട്ടെ. അല്ലയോ പാപവിമോചകാ, നിന്റെ നേത്രസംജ്ഞയാൽ തീച്ചൂളയുടെ ദിനം ആഗതമാകുമ്പോൾ കരുണകൾക്കും പാപമോചനത്തിനും ഇവൻ യോഗ്യനായിത്തീരുകയും ഞങ്ങളോട് പൊറുക്കുകയും ചെയ്യേണമെ.

നിന്റെ പുരോഹിതന്മാർ നീതി ധരിക്കയും നിന്റെ ഭക്തന്മാർ ഘോഷിച്ചുല്ലസിക്കയും ചെയ്യട്ടെ.

* നിന്റെ ദാസനായ ദാവീദിൻ നിമിത്തം നിന്റെ അഭിഷിക്തന്റെ മുഖത്തെ തിരിച്ചു കളയരുതേ.
* ഞാൻ നിന്റെ ഉദരഫലത്തെ നിന്റെ സിംഹാസനത്തിൽ ഇരുത്തുമെന്നും നിന്റെ മക്കൾ എന്റെ നിയമത്തെയും ഞാൻ അവർക്കു ഉപദേശിച്ച സാക്ഷ്യത്തെയും പ്രമാണിക്കുമെങ്കിൽ അവരുടെ മക്കളും എന്നേക്കും നിന്റെ സിംഹാസനത്തിൽ ഇരിക്കും എന്നും യഹോവ ദാവീദിനോടു ആണയിട്ടു സത്യം, അവൻ അതിൽ നിന്നും മാറുകയില്ല.



www.TheCMSIndia.org

www.marggam.com

MARGGAM – Digital Library of Christianity in India

* യഹോവെക്കു സ്തോത്രം ചെയ്‌വിൻ, അവൻ നല്ലവന ല്ലോ, അവന്റെ ദയ എന്നേക്കും ഉള്ളതാകുന്നു.

പ്രാർത്ഥന :

നല്ല ഇടയനും ജ്ഞാനിയായ മാർഗ്ഗദർശകനുമായു ള്ളോവേ, തനിക്കുള്ളവ അറിയുന്നവനും തന്നിൽ നിന്നുള്ളവ നിരീക്ഷിക്കപ്പെടുകയും ചെയ്യുന്നവനേ, എന്റെ കർത്താവേ, നിന്റെ ആട്ടിൻകൂട്ടത്തെ എല്ലാ ദോഷങ്ങളിൽ നിന്നും നാശകരമായ യാദൃശ്ചികസംഭവങ്ങളിൽ നിന്നും സംരക്ഷിക്കേണമേ, നിന്റെ ഇഷ്ടപ്രകാരം അവയെ മേയ്ക്കുവാൻ ഭക്തരായ ഇടയന്മാരെ ഉയർത്തേണമേ. നിന്റെ കൃപയാലും കരുണകളാലും അവർ വിവേകിക ളായ വൈദ്യരും വിദഗ്ദരായ നാവികരും കർമ്മകുശലരായ കാവൽക്കാരുമായിത്തീരട്ടെ. എന്നന്നേക്കും സർവ്വനാഥ നായ...

സങ്കീർത്തനം : 84: 7 –*

കാനോനാവാക്യം :

എന്റെ കർത്താവേ, ദൈവീകരിക്കുന്ന, ശ്ലീഹന്മാരെ ജ്ഞാനികളാക്കുന്ന, പരിശുദ്ധാത്മാവിന്റെ ആത്മീയ ദാനം വിജ്ഞാനത്തിന്റെ ജീവിപ്പിക്കുന്ന വചനത്താൽ ഇപ്പോൾ ഉത്സാഹത്തോടെ ഉൾക്കൊള്ളട്ടെ. ഇച്ഛാനു സാരം നീ തിരഞ്ഞെടുത്തവൻ സന്മാർഗ്ഗദർശിയായ ഇട യനാകുവാൻ, നിന്റെ ജനത്തിന് ധാർമിക ആചാര്യനും, വിശ്വസ്തനായ സൂക്ഷിപ്പുകാരനും ആകുവാൻ അവന്റെ മേൽ കരുണകളാൽ സമൃദ്ധമായി ഒഴുക്കേണമേ. സ്വർഗ്ഗീയ പ്രത്യാശയിൽ, വിജയം നൽകുന്ന ശക്തിയും അഭൗമിക മായ പിന്തുണയും ഇവനെ സഹഗമിക്കട്ടെ. ജീവദായ കനെ, (അന്ത്യദിനത്തിൽ) പ്രതിഫലം ഉറപ്പിക്കാനും നല്ല വാസം അവകാശമാക്കുവാനും നിന്റെ വായ് കൽപ്പിക്കേ ണമെ.


www.TheCMSIndia.org
www.marggam.com
MARGGAM – Digital Library of Christianity in India

* യഹോവേ, ഗുണവാന്മാർക്കും ഹൃദയപരമാർത്ഥി കൾക്കും നന്മ ചെയ്യേണമേ.
* എന്നാൽ വളഞ്ഞവഴികളിലേക്കു തിരിയുന്നവരെ യഹോവ ദുഷ്പ്രവൃത്തിക്കാരോടുകൂടെ പോകുമാറാകട്ടെ. യിസ്രായേലിന്മേൽ സമാധാനം വരുമാറാകട്ടെ.

നമ്മുടെ കർത്താവിന്റെ സഹായത്താൽ കാനോനകൾ
ഉൾപ്പെടെയുള്ള പ്രാർത്ഥനകൾ അവസാനിച്ചു.
യഹോവക്ക് എല്ലാ കാലത്തും സ്തുതി. ആമേൻ

2023 ജനുവരി 8ന് നടക്കുന്ന അഭിവന്ദ്യ മാർ ഔഗിൻ
തിരുമേനിയുടെ മെത്രാപ്പോലീത്ത സ്ഥാനാരോഹണ
ശുശ്രൂഷയുടെ ഭാഗമായി ജസ്റ്റിൻ . റ്റി. നീലങ്കാവിൽ കശ്ശീശ
സുറിയാനിയിൽ നിന്നും മലയാളത്തിലേക്ക്
വിവർത്തനം ചെയ്തത്.



CHRISTIAN MUSICOLOGICAL SOCIETY OF INDIA
www.TheCMSIndia.org
www.marggam.com
MARGGAM – Digital Library of Christianity in India





www.TheCMSIndia.org

www.marggam.com

MARGGAM – Digital Library of Christianity in India

marggam
Digital Library of Christianity in India
www.marggam.com

**An international forum for interdisiplinary discussion, and dissemination of knowledge,on Art, Literature and Music of about thirty million Christians in India**

Support Our Ongoing Projects

- Marggam - Digital Library of Christianity in India.
- Aramaic Project - Reclaim Syriac to Reaffirm Identity.
- Encyclopaedia of Syriac Chants.
- Resources for Researchers.
- Directory of Christian Songs.
- Music Iconography.
- Christian Art.

---

CHRISTIAN
MUSICOLOGICAL
SOCIETY OF INDIA

www.TheCMSIndia.org

Christian Musicological Society of India, Josef Ross, Ist Floor, Peter's Enclave, Opp.Kairali Apts, Panampilly Nagar, Kochi, Kerala, India-682036, Phone: +91 9496244981, +91 9446514981, Email - info@thecmsindia.org